3.അസി എഞ്ചിനീയർ ലഭ്യമാക്കിയ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 2023 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ പൂർത്തിയാക്കിയ ത കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. തൊ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

. ബിജു ടോം

. പോൾസൺ എം. ഐ.

. ബാസ്റ്റിൻ വിൻസന്റ്

. സഗീർ പി. പി.

. മറ്റത്തൂർ ലേബർ സൊസൈറ്റി

. രഞ്ജിത്ത് ടി.

. ഗ്രിന്റോ വർഗീസ്

. ലോനക്കുട്ടി

. കണ്ണൻ എം. കെ.

. ജോസ് പോൾ

. ശങ്കരൻ കെ. എസ്.

. ശ്രീകുമാർ കെ. എം.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-15/10.10.20 തൊഴിൽനികുതിയിൽ കുറവ് വന്ന തുകകൾ തിരിച്ച് പിടിക്കുന്നതിന് എത്രയും വേഗം നട സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കി വി അറിയിക്കേണ്ടതാണ്. പഞ്ചായത്തിന് കിട്ടേണ്ട വരുമാനം സമയബന്ധിതമായി ഈടാക ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-10 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓ നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെ വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്ര പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തു സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പേ ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക നമ്പർ-17/14.10.2024)

**1-11 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 207 ബിഎ ഖണ്ഡം പ്രകാരം, "സർക്കാര് അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം ( ഉള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക്മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും അത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയും" വസ്തു നി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു . എന്നാൽ 2023 ലെ 18-ാം ആക്ട് (നിയമ നിർമ്മാണ വകുപ്പിന്റെ 28.03.2023 ലെ 15(2)/ലെഗ്-എ2/2023/നിയമം നമ്പർ ആക്ട്) ഖണ്ഡിക.3(ബി) മുഖേ ടി ഖണ്ഡിക നീക്കം ചെയ്തിട്ടുണ്ട്. ആയതിനാൽ ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ-എയ് വിദ്യാഭ്യാസ സ്ഥാപനങ്ങളും ഹോസ്റ്റൽ കെട്ടിടങ്ങളും 01.04.2023 പ്രാബല്യത്തിൽ വസ്തു നി അടവാക്കേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെ ചേർത്തി വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | വിസ്തീർണ്ണം (ച.മീ) | വാർഷിക വസ്തു നികുതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 13/70 | Albab Charitable Educational Trust | 3252.78 | 29,050 | വസ്തു നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട് |
| 2 | 3/106A | Sr.SUPERIOR, ST.PIOUS CONVENT (സ്ഥാപനത്തിന്റെ പേര് ലഭ്യമായില്ല) | 1462.01 | 11,607 | വസ്തു നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട് |

ബി) കെട്ടിട നമ്പർ 3/97 ആയി ചേർത്തിട്ടുള്ള Vijayamatha Nursing School എന്ന സ്ഥാപനത്ത (തറ വിസ്തീർണ്ണം 997 ച.മീ) ഇതു വരെ വസ്തു നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുക ചെയ്തിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 09.10.24 ലെ ഓഠ എൻക്വയറി 4-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈട വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്

**1-12 ധാതു ഗതാഗത പെർമിറ്റ് രജിസ്റ്റർ**

സാധുവായ ബിൽഡിംഗ് പെർമിറ്റ് ഉള്ളപക്ഷം, 3000 ചതുരശ്ര അടി (278.7 $M^2$) വരെ പ്ല ഏരിയയുള്ള കെട്ടിടത്തിന്റെ നിർമ്മാണവേളയിൽ ഫൗണ്ടേഷനു വേണ്ടി കുഴിച്ചെടുത്ത മ ഉടമസ്ഥന്റെ പ്രോപ്പർട്ടിയിൽനിന്ന് പുറത്തേക്ക് കൊണ്ടുപോകുന്നതിനു വേണ്ടി മൂവ്മെന്റ് പെർ മിനറൽ ട്രാൻസിറ്റ് പാസ്സ് എന്നിവ തദ്ദേശ സ്ഥാപന സെക്രട്ടറി നൽകണമെന്ന് 2023 ലെ കേ

മൈനർ മിനറൽ കൺസെഷൻ (അമെൻഡ്മെന്റ്) റൂൾസ് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി KM റൂൾസിലെ ഷെഡ്യൂൾ ഒന്ന് പ്രകാരം ഉള്ള റോയലിറ്റി അപേക്ഷകൻ സർക്കാരിൽ അടവാക്ക ഷെഡ്യൂൾ ഒന്ന് പ്രകാരം സാധാരണ മണ്ണിനു ഒരു ടണ്ണിന് നാല്പതു രൂപയാണ് അടവാക്കേ ഇതിനുവേണ്ടിയുള്ള റോയൽറ്റിത്തുക, അപേക്ഷകൻ ട്രഷറിയിൽ അടയ്ക്കേണ്ടതുമാണ്.

പെർമിറ്റ് തീയതിക്കുശേഷം ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ ബേസ് മെന്റ് നിർമ്മിക്ക പക്ഷം, റോയൽറ്റിയായി അടച്ച തുകയുടെ അഞ്ചിരട്ടിത്തുക പിഴയായി അടയ്ക്കാൻ അപേക്ഷ ബാദ്ധ്യസ്ഥനാണ്. ഇതു കൂടാതെ, പെർമിറ്റഡ് ഏരിയയിൽ അധികമായോ, പെർമിറ്റിൽ പറഞ്ഞി അളവിൽ അധികമായോ മണ്ണ് നീക്കം ചെയ്താലും മേൽപ്പറഞ്ഞ പിഴ അടയ്ക്കേണ്ടതാണ്. ക നിർമ്മാണ പെർമിറ്റിനായി പ്ലാൻ സമർപ്പിക്കുമ്പോൾ തന്നെ പ്രസ്തുത കെട്ടിടം നിർമ്മിക്കാൻ നീക്കം ചെയ്യേണ്ടതുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതും മണ്ണ് നീക്കം ചെയ്യേ സാഹചര്യമുണ്ടെങ്കിൽ തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറി മൂവ്മെന്റ് പെർമിറ്റ്, മിനറൽ ട്രാൻ പാസ്സ് എന്നിവ നല്കണം. 2023-24 വർഷം പഞ്ചായത്തിൽ നിന്ന് മൂവ്മെന്റ് പെർമിറ്റ്, മിന ട്രാൻസിറ്റ് പാസ്സ് എന്നിവ നല്കിയതിന്റെ വിവരം, റോയൽറ്റി ഇനത്തിൽ അടച്ച തുകയുടെ വിശദാ എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (11/09.10.24) നൽകിയ മറുപടിയായി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് മാറ്റേണ്ടി വന്നിട്ടില്ലെന്നും, ക നിർമ്മാണവുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി. ധാതു ഗതാ പെർമിറ്റ് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും, ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-13 വീട് വാസയോഗ്യമാക്കൽ-പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്

പ്രോജക്ട് നമ്പർ- 68/24 വീട് വാസയോഗ്യമാക്കൽ (ജനറൽ)

ഫണ്ടിനം- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

പദ്ധതി അടങ്കൽ/ചെലവ് -12,00,000 /9,50,000

നിർവ്വഹണം - വി.ഇ.ഒ (കരാഞ്ചിറ) സർക്കിൾ

വീട് വാസയോഗ്യമാക്കുന്നതിന് ഒരു ഗുണഭോക്താവിന് മുൻകൂർ തുക 50,000 രൂപയും വാല്യുവേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാക്കി 50,000 രൂപയും നൽകുന്നതാണ് മേൽ പ്രോജക്ട്. മുൻകൂർ നൽകിയിട്ടും പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | തുക | വൗച്ചർ | തിയതി |
|---|---|---|---|
| അമ്മിണി, IV<br>വാര്യാട്ടിൽ വീട്, കാട്ടൂർ (വാർഡ് IV ) | 50000 | 42300857 | 13.03.24 |
| റസിയ ബീരാൻ, മസ്രയില്ലത്ത്, കാട്ടൂർ, (വാർഡ് X ) | 50000 | 42300666 | 04.01.24 |

എസ്റ്റിമേറ്റ് പ്രകാരമുള്ള പണി പൂർത്തീകരിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർ സർട്ടിഫിക്കറ്റ് സഹിതം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ-6, തീയതി. 09.10.24)

**<u>1-14 മത്സ്യ തൊഴിലാളികൾക്ക് മത്സ്യബന്ധന വല - പ്രൊജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ - 2,22,500 രൂപ തടസ്സപ്പെടുത്തുന്നു</u>**

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രൊജക്റ്റുകളി അപാകതകൾ താഴെ ചേർക്കുന്നു.

**<u>1) പ്രൊജക്റ്റ് നമ്പർ 232/24, പട്ടികജാതി മത്സ്യ തൊഴിലാളികൾക്ക് മത്സ്യബന്ധന വല</u>**

അടങ്കൽ/ചെലവ് - 1,00,000 (75,000 വികസനഫണ്ട് എസ്.സി, + 25,000 ഗുണഭോക്തൃവിഹിതം)

വൗച്ചർ നമ്പർ 42301238/22.02.2024, തുക - 75,000

വൗച്ചർ നമ്പർ 42300912/25.03.2024, തുക - 25,000

A) മേൽ പ്രൊജക്റ്റ് പ്രകാരം 10 ഗുണഭോക്താക്കൾക്ക് 10,000 രൂപയുടെ വല (സബ്സിഡി 750 2500 ഗുണഭോക്തൃവിഹിതം) നൽകിയിട്ടുണ്ട്. Janatha Networld എന്ന സ്ഥാപനത്തിന്റെ INV No. 44678/16.02.2024 പ്രകാരമാണ് വലകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ ഇൻവോയ്സിൽ വലക സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെ എല്ലാതരം വലകളെയും Fishnet എന്ന് മാത്രം രേഖപ്പെടു വില കണക്കാക്കിയിരിക്കുകയാണ് ചെയ്തിരിക്കുന്നത്. പ്രത്യേകം സ്പെസിഫിക്കേ രേഖപ്പെടുത്താത്തതിനാൽ ടെണ്ടർ പ്രകാരമുള്ള ഇനങ്ങൾ തന്നെയാണ് ലഭിച്ചിട്ടുള്ളത് എന്ന് ഉ വരുത്താൻ സാധിക്കുകയില്ല.

B) സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) 115/2022, ത.സ്വ.ഭ.വ., തീ.28.05.2022 ഖണ്ഡിക 6.4 ബ പ്രകാരം ഗുണഭോക്താവ് അംഗീകൃത രജിസ് ട്രേഷനും ലൈസൻസും ഉള്ള പരമ്പരാഗത വള്ളത്ത് ഉടമസ്ഥൻ ആയിരിക്കണം. എന്നാൽ രേഖകൾ പ്രകാരം പത്തിൽ ആറ് ഗുണഭോക്താക വള്ളത്തിന്റെ ഉടമകൾ അല്ല. ഇവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

I) കാർത്തികേയൻ കെ. വി., കല്ലയിൽ വീട്, കാരാഞ്ചിറ

Ii) വിബിൻ കെ. എസ്., കണ്ണോത്ത് വീട്, കാട്ടൂർ

Iii) കൃപേഷ് പി. വി., പറമ്പൻ വീട്, കാട്ടൂർ

Iv) അനിലൻ സി .എസ്., ചാക്കാണ്ടി വീട്, കാട്ടൂർ

V) ദിനേഷ് ടി. ടി, തുപ്രാടൻ വീട്, കാരാഞ്ചിറ, മുനമ്പം

Vi) ശ്രീജിത്ത്, S/O ശിവരാമൻ, മുണ്ടാപ്പിള്ളി വീട്

മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക് വിരുദ്ധമായാണ് തുക നൽകിയിട്ടുള്ളത്. സബ്സ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

**<u>2) പ്രൊജക്റ്റ് നമ്പർ 163/24, മത്സ്യ തൊഴിലാളികൾക്ക് മത്സ്യബന്ധന വലയ്ക്ക് സബ്സിഡി - ജനറൽ</u>**

അടങ്കൽ/ചെലവ് - 10,000 (ഗുണഭോക്തൃവിഹിതം)

വൗച്ചർ നമ്പർ 42300287/07.08.2023, തുക -10,000

**<u>3) പ്രൊജക്റ്റ് നമ്പർ 164/24, പട്ടികജാതി മത്സ്യ തൊഴിലാളികൾക്ക് മത്സ്യബന്ധന വല</u>**

അടങ്കൽ/ചെലവ് - 112500 (വികസനഫണ്ട് -75,000, ഗുണഭോക്തൃവിഹിതം -37,500)

വൗച്ചർ നമ്പർ - 42301062/24.06.2023, തുക – 75,000

വൗച്ചർ നമ്പർ - 42300220/13.07.2023, തുക – 37,500

ക്രമ നമ്പർ 2, 3 എന്നീ പ്രൊജക്റ്റുകൾ സ്പിൽ ഓവർ ആയാണ് നടപ്പിലാക്കിയിട്ടുള്ളത്. 2022 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-28 ൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരങ്ങൾ സൂചിപ്പിക്കുകയും അതാത് ചെലവ് തുക തടസ്സപ്പെടുത്തിയിട്ടുള്ളതുമാണ്. അപാകത നടപ്പ് സാമ്പത്തിക വർഷത്ത ആവർത്തിച്ചിരിക്കുന്നതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.
സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനയ്ക്ക് {സ.ഉ (കൈ) 115/2022, ത.സ്വ.ഭ.വ., തീ.28.05.2 ഖണ്ഡിക 6.4 ബി(2)} വിരുദ്ധമായി തുക നൽകിയതിനാൽ ക്രമ നം. 1, 2, 3 പ്രൊജക്ടുകളിലെ മൊ ചെലവ് തുകയായ 2,22,500 രൂപ (1,00,000+10,000+1,12,500) തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് അന്വേഷണം നമ്പർ- 2/07.10.2024)

## 1-15 ഉണർവ്വ് - ഭിന്നശേഷിക്കാർക്കുള്ള ശാക്തീകരണ പദ്ധതി - നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

**A) പ്രൊജക്ട് നമ്പർ - 169/24, ഉണർവ്വ് ഭിന്നശേഷിക്കാർക്കുള്ള ശാക്തീകരണ പദ്ധതി** (സ്പിൽ ഓവർ)

അടങ്കൽ – 10,00,000 (വികസനഫണ്ട് – 4,00,000, മറ്റുള്ളവ – 6,00,000)

ചെലവ്- 4,00,000 (വികസനഫണ്ട് – 4,00,000)

വൗച്ചർ നമ്പർ - 42301209/24.01.2024, തുക – 11,220

വൗച്ചർ നമ്പർ - 42301189/10.01.2024, തുക – 12,200

വൗച്ചർ നമ്പർ - 42301226/14.02.2024, തുക – 3,76,580

**B) പ്രൊജക്ട് നമ്പർ- 86/24, ഉണർവ്വ് ഭിന്നശേഷിക്കാർക്കുള്ള ശാക്തീകരണ പദ്ധതി**

അടങ്കൽ – 4,00,000 (വികസനഫണ്ട് – 4,00,000)

ചെലവ്- 3,64,763 (വികസനഫണ്ട് – 3,64,763)

വൗച്ചർ നമ്പർ - 42301286/24.03.2024, തുക – 13,000

വൗച്ചർ നമ്പർ - 42301333/14.02.2024, തുക – 12,980

വൗച്ചർ നമ്പർ - 42301349/24.03.2024, തുക – 3,28,583

വൗച്ചർ നമ്പർ - 42301227/14.02.2024, തുക – 10,200

26.09.2022 ന് ചേർന്ന District Innovation Council യോഗത്തിന്റെ അംഗീകാരം ലഭ്യമാക്കി 2022 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി നിശ്ചയിച്ച ഉണർവ്വ് പ്രൊജക്ടിന തയ്യാറാക്കിയ വിശദമായ പ്രൊജക്ട് റിപ്പോർട്ടിൽ കാട്ടൂർ ഗ്രാമപഞ്ചായത്തും ഇരിങ്ങാലക്കുട ക്രൈ കോളേജിലെ ചാരിറ്റി സംഘടനയായ തവനിഷും സംയുക്തമായി നടപ്പിലാക്കുന്നതിനും, കല്ലേറ്റും National Institute Of Physical Medicine And Rehabilitation (NIPMR) എന്ന സ്ഥാപനത്ത് സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനും നിശ്ചയിച്ചിട്ടുണ്ട്. ഇത് പ്രകാരം തവന വളണ്ടിയർമാരുടെ സഹായത്തോടെ എല്ലാ ഭിന്നശേഷിക്കാരുടെയും പട്ടിക തയ്യാറാ

ഭിന്നശേഷിയുടെ തീവ്രത മനസ്സിലാക്കി അതനുസരിച്ചുള്ള തൊഴിൽ ചെയ്യാനുള്ള അഭി മനസ്സിലാക്കുകയും നിപ്മറിന്റെ സഹായത്തോടെ ക്യാമ്പ് സംഘടിപ്പിച്ച് ഉപകരണങ്ങ ആവശ്യകത നിർണ്ണയിക്കുകയും തൊഴിൽ അഭിരുചി കണ്ടെത്തി ഇവർക്കാവശ്യമായ ഉപകരണ തൊഴിൽ പരിശീലനം, ധനസഹായം എന്നിവ ലഭ്യമാക്കുക, വിദ്യാഭ്യാസം അർഹിക്കുന്ന കുട്ടികം ആയതിനുള്ള അവസരം ഒരുക്കുക മുതലായവയാണ് പദ്ധതിയുടെ ലക്ഷ്യമായി വിഭാ ചെയ്തിരിക്കുന്നത്.

ഈ പദ്ധതിക്ക് വേണ്ടി വർഷത്തിൽ ഫണ്ട് ലഭ്യമാക്കുന്നതിനായി താഴെ പറയും പ്രകാരമ നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതം | 4,00,000 |
| തവനിഷ് നൽകുന്ന സഹായധനം | 2,00,000 |
| CSR ഫണ്ട്, മറ്റ് സംഭാവനകൾ | 4,00,000 |
| ആകെ | 10,00,000 |

1) 2022-23 സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് നടപ്പിലാക്കിയതിന്റെ വിശദാംശ ലഭ്യമാക്കിയിട്ടില്ല.

2) മേൽ പ്രൊജക്ടുകളിൽ വികസനഫണ്ട് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. തവനിഷ് നൽ സഹായധനം, CSR ഫണ്ട്, മറ്റ് സംഭാവനകൾ എന്നിവയൊന്നും തന്നെ ലഭ്യമാക്കി ചെലവഴിച്ചിട്ടി

3) ഭിന്നശേഷിക്കാരുടെ പട്ടിക തയ്യാറാക്കുകയും ക്യാമ്പ് നടത്തി ഉപകരണങ്ങൾ വിതര ചെയ്യുകയുമാണ് നടപ്പിലാക്കിയിട്ടുള്ളത്. തൊഴിൽ പരിശീലനം, സംരംഭ തുടങ്ങുന്നതിനാവശ്യമായ സഹായം എന്നിവ ആരംഭിച്ചിട്ടില്ല.

വികസനഫണ്ടിന് പുറമെ ലഭ്യമാക്കാനായി ഉദ്ദേശിച്ചിരുന്ന തുകകൾ ലഭ്യമാക്കി പദ്ധതി ഫലപ്രദമ നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ- 8/09.10.2024)

## 1-16 അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ - ടെണ്ടർ ക്ഷണിച്ചില്ല

നിർവ്വഹണോദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ- 90/24, അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ

അടങ്കൽ - 2,82,500, ചെലവ് - 2,81,376 (വികസന ഫണ്ട് ജനറൽ)

വൗച്ചർ നം. 42301284/24.03.2024, തുക - 2,81,376

മേൽ പ്രൊജക്ടിൽ ARTCO ഇൻവോയ്സ് നം. TSR 671/22.03.2024 പ്രകാരം 2,81,376 രൂപ കളിയുപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രൊജക്ട് പ്രകാരം പൊതുമാർക്കറ്റിൽനിന്നും ടെണ്ടർ ക്ഷണ വാങ്ങൽ നടത്തുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ടെണ്ടർ ക്ഷണിച്ചതിന്റെ വിവര ഫയലിൽ ചേർത്തിട്ടില്ല. ARTCO, SIDCO, KSIE എന്നീ സ്ഥാപനങ്ങളുടെ പ്രൊഫോമ ഇൻവോയ്സു മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. പ്രൊജക്ട് വിഭാവനം ചെയ്തതിന് വിരുദ്ധമായി ടെ ക്ഷണിക്കാതെ വാങ്ങൽ നടത്തിയതിന്റെ കാരണം അറിയിക്കുകയുണ്ടായില്ല.

സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 02.02.2023 തീയതിയിലെ സർക്കുലർ നം. SPD-A3/55/2022-

പ്രകാരം സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നും ടെണ്ടർ ഇളവ് അനുവദിച്ച് നൽകിയിട്ടില്ലാത്ത ഏ
ഉൽപ്പന്നങ്ങളും, (സ്ഥാപനം സ്വന്തമായി നിർമ്മിച്ചതാണെങ്കിലും അല്ലെങ്കിലും) സ്റ്റോർ പർചേ
മാന്വൽ നിഷ്കർഷിച്ചിരിക്കുന്ന മത്സര സ്വഭാവത്തിലൂടെയുള്ള ക്വട്ടേഷൻ/ടെണ്ടർ നടപടി ക്രമങ്ങ
വിധേയമായി മാത്രമായിരിക്കണം നടത്തേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദേ
പാലിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നമ്പർ -12/09.10.2024)

## 1-17 പെയിൻ & പാലിയേറ്റീവ് കെയർ പ്രൊജക്ട് - അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ/സൂപ്രണ്ട്, സി.എച്ച്.സി.
പ്രൊജക്ട് നം. 60/24, പെയിൻ & പാലിയേറ്റീവ് കെയർ പ്രൈമറി
അപാകതകൾ താഴെ ചേർക്കുന്നു.
1) പ്രൊഫോർമ ഇൻവോയ്സ് നം. 3521/30.01.2024 പ്രകാരം 69,104 രൂപ KMCSL-ന് (വൗച്ചർ
42301218/07.02.2024) നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം. 695/04.04.2024 പ്രകാരം 1
രൂപയുടെയും ഇൻവോയ്സ് നം. 5876/17.05.2024 പ്രകാരം 44747 രൂപയുടെയുമായി ആകെ 45
രൂപയുടെ മരുന്നാണ് ലഭ്യമായിട്ടുള്ളത്. പ്രൊഫോർമ ഇൻവോയ്സ് നമ്പർ- 5454/25.03.2
പ്രകാരം 25,680 രൂപ കെ.എം.എസ്.സി.എലിന് (വൗച്ചർ നം. 42301301/25.03.2024) നൽകിയിട്ട
മരുന്ന് ലഭ്യമായിട്ടില്ല.
മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് വി
അറിയിക്കേണ്ടതുമാണ്.

2) പാലിയേറ്റീവ് കെയർ പ്രവർത്തനത്തിനായി KL 45/Q-5019 മാരുതി ഓമ്നി വാഹനം ഓടുന്നത്
ലോഗ്ബുക്ക് ഹാജരാക്കിയതിൽ പ്രതിമാസ സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല. 2023-24 വർഷത്തെ
ഇന്ധനക്ഷമത പരിശോധിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 12.06.2024 തീയതിയ
നടത്തിയ പരിശോധനയുടെ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്. അപാ
പരിഹരിക്കേണ്ടതാണ്.

3) 2023-24 സാമ്പത്തിക വർഷത്തിൽ 18.10.2023, 11.01.2024 തീയതികളിൽ മാത്രമായി രണ്ട് തവ
മാത്രമാണ് പി.എം.സി യോഗം ചേർന്നിട്ടുള്ളത്. പുതുക്കിയ പാലിയേറ്റീവ് പരിച
മാർഗ്ഗരേഖയിലെ (സ.ഉ.(സാധാ)നമ്പർ 553/2019/ത.സ്വ.ഭ.വ., തീയതി-07.03.19) ഖണ്ഡിക ന
2.9.2 ലെ വ്യവസ്ഥയനുസരിച്ച് പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റി രണ്ടു മാസത്തിലൊരിക്ക
ആവശ്യാനുസരണമോ യോഗം ചേരേണ്ടതുണ്ട്. പി.എം.സി യോഗങ്ങൾ ക്രമപ്രകാരം ചേരേണ
പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതുമാണ്.
(ഓഡിറ്റ് അന്വേഷണം നമ്പർ- 28/14.10.2024)

## 1-18 ഉപകരണങ്ങളും സാമഗ്രികളും വാങ്ങൽ - ക്വട്ടേഷൻ ക്ഷണിച്ചില്ല - 1,10,346 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ/സൂപ്രണ്ട്, സി.എച്ച്.സി

പ്രൊജക്ട് നമ്പർ - 216/24, ഉപകരണങ്ങളും സാമഗ്രികളും വാങ്ങൽ

അടങ്കൽ/ചെലവ് – 5,93,000 (ഹെൽത്ത് ഗ്രാന്റ് )

അപാകതകൾ താഴെ ചേർക്കുന്നു.

1) പ്രൊഫോമ ഇൻവോയ്സ് നമ്പർ-294/2023-24, തീ.15.03.2024 പ്രകാരം 1,78,721 ( കെ.എം.എസ്.സി.എലിന് (വൗച്ചർ നമ്പർ-42300936/28.03.2024) Reagent Refrigerator ന നൽകിയിട്ടുണ്ട്. റഫ്രിജറേറ്റർ ലഭ്യമായിട്ടില്ല. റഫ്രിജറേറ്റർ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ

2) വൗച്ചർ നം. 42300830/01.03.2024 പ്രകാരം യൂണിവേഴ്സൽ ഏജൻസീസ്, തൃശ്ശൂർ പ സ്ഥാപനത്തിൽ നിന്നും Multipara Monitor വാങ്ങിയ വകയിൽ 60,346 രൂപ ഇൻവോയ്സ് നം. 2684/2023, തീയതി 15.02.2024 അടിസ്ഥാനമാക്കി നൽകിയിട്ടുണ്ട്. എന്നാൽ ക്വട്ടേ ക്ഷണിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല.

3) SIDCO- ന്റെ ഇൻവോയ്സ് ന്. OLR/23-24/411, തീയതി-22.03.2024 പ്രകാരം പാർട്ടീ പ്രവർത്തികൾക്കായി 50,000 രൂപ (വൗച്ചർ നമ്പർ 42300632/23.12.2023) നൽകിയിട്ടുണ്ട്. ക്വട്ടേ ക്ഷണിച്ചതിന്റെയോ ടെണ്ടർ അനുമതി ആവശ്യമില്ലെങ്കിൽ ആയതിന്റെയോ വിവരങ്ങൾ ഫയ ചേർത്തിട്ടില്ല.

സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 02.02.2023 തീയതിയിലെ സർക്കുലർ നം. SPD-A3/55/2022- പ്രകാരം സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നും ടെണ്ടർ ഇളവ് അനുവദിച്ച് നൽകിയിട്ടില്ലാത്ത ഉ ഉൽപന്നങ്ങളും, (സ്ഥാപനം സ്വന്തമായി നിർമ്മിച്ചതാണെങ്കിലും അല്ലെങ്കിലും) സ്റ്റോർ പർച്ചേ മാന്വൽ നിഷ്കർഷിച്ചിരിക്കുന്ന മത്സര സ്വഭാവത്തിലൂടെയുള്ള ക്വട്ടേഷൻ/ടെണ്ടർ നടപടി ക്രമങ്ങ വിധേയമായി മാത്രമായിരിക്കണം നടത്തേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ക്വട്ടേഷൻ/ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കാത്തതിനാൽ ക്രമ നമ്പർ 2, 3 എന്നിവയിലെ ചെ തുകയായ 1,10,346 (60,346 + 50,000) രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നമ്പർ- 28/14.10.2024)

## <u>1-19 പോർട്ടബിൾ മൈക്ക് സെറ്റ് വാങ്ങൽ- നാളിതു വരെ ലഭ്യമായിട്ടില്ല</u>

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്റ്റ് നമ്പർ - 227/24

വകയിരുത്തിയ തുക-50000 (വികസനഫണ്ട് -ജനറൽ)

ചെലവ് -50000 (വൗച്ചർ നമ്പർ/തീയതി.42301291/25.03.24 )

മേൽ പ്രോജക്റ്റ് പ്രകാരം പോർട്ടബിൾ മൈക്ക് സെറ്റ് വാങ്ങുന്നതിനായി (ഡെപ്പോസറ്റ് വർക്ക്) 50 രൂപ തൃശ്ശൂർ പി.ഡബ്ലിയു.ഡി ഇലക്ട്രിക്കൽ ഡിവിഷൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയ നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ആയത് ലഭ്യമായിട്ടില്ല. പ്രോജക്റ്റ് പ്രകാരം ജെം മു വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ അതിനു വിരുദ്ധമായി പി.ഡബ്ലിയു.ഡി ഇലക്ട്രി ഡിവിഷനിൽ നിന്നും വാങ്ങുവാനുണ്ടായ സാഹചര്യവും, ആയതിന്റെ കമ്മിറ്റിതീരുമാ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/09.10.24) മറു

ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ഉപകര ലഭ്യമായതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 കാൻ തൃശ്ശൂർ - രേഖകൾ ഹാജരാക്കിയില്ല - 95,682 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

പ്രൊജക്റ്റ് നമ്പർ - 62/24, കാൻ തൃശ്ശൂർ

അടങ്കൽ - 1,25,000, ചെലവ് - 95,682 (വികസന ഫണ്ട് ജനറൽ)

വൗച്ചർ നമ്പർ - 42301077/07.08.2023, തുക - 61,470

വൗച്ചർ നമ്പർ - 42301308/13.09.2023, തുക - 34,212

മേൽ പ്രൊജക്ടിന്റെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുക നൽകിയതിന്റെ വിവരങ്ങ വിനിയോഗ വിവരവും ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ 95,682 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം. 28/14.10.2024)

## 1-21 ലൈഫ്- ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

**പ്രോജക്ട് നമ്പർ- 32/24 , ലൈഫ് ഭവനനിർമ്മാണം (ജനറൽ)**

വി.ഇ.ഒ, കരാഞ്ചിറ സർക്കിൾ നടപ്പിലാക്കിയ മേൽ പ്രൊജക്ടിൽ ഭവന നിർമ്മാണത്തിന് കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| പദ്ധതി പ്രകാരം നൽകേണ്ട തുക | 2023-24 ൽ കൈപറ്റിയ തുക/ തീയതി | ആകെ നൽകിയ തുക | എഗ്രിമെന്റ് തിയതി | അവസാന ഗഡു കൈപ്പറ്റിയ തിയതി | ഗുണഭോക്താവിന്റെ പേര് |
|---|---|---|---|---|---|
| 400000/- | 40,000/26.03.24 | 300000 | 13.02.24 | 29.07.24 | ശാന്ത ചന്ദ്രൻ, തച്ചിരാട്ടിൽ, വാർഡ് IX |
| 400000/- | 40,000/15.02.24 | 300000 | 06.02.24 | 24.07.24 | ഷാജി പാലക്കൽ വാർഡ് IX |
| 400000/- | 40,000/15.02.24 | 300000 | 06.02.24 | 24.07.24 | രാധ മൂലേക്കാട്ടുപറമ്പിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | വാർഡ് II |
| 400000/- | 40,000/15.02.24 | 300000 | 08.02.24 | 12.09.24 | സത്യൻ, കാട്ടൂർ വടക്കുമുറി വാർഡ് VI |
| 400000 | 40,000/15.02.24 | 365000 | 06.02.24 | 24.07.24 | തങ്ക ഇക്കണ്ടംപറമ്പിൽ വാർഡ് XI |
| 400000 | 40,000/15.02.24 | 200000 | 08.02.24 | 24.07.24 | ലീല കുഞ്ഞൻ, തിയ്യത്തുപറമ്പിൽ വാർഡ് IV |

കരാറിലേർപ്പെട്ട് 6 മാസത്തിനകം പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തീകരിക്കാ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് പാലിക്കാനായിട്ടില്ല.

സർക്കാർ ധനസഹായം വേണ്ടരീതിയിൽ വിനിയോഗിക്കപ്പെടുന്നുവെന്ന് നിർവഹണ ഉദ്യോഗസ ഉറപ്പാക്കേണ്ടതും ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ നട സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 6, തീയതി 10.10.24)

## 1-22 മഴക്കാല പൂർവ്വ ശുചീകരണം - രേഖകൾ ഹാജരാക്കിയില്ല - 40,000 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ - സൂപ്രണ്ട്, സി.എച്ച്.സി
(വൗച്ചർ നമ്പർ 22300270/03.07.2023) 14 വാർഡുകളിലെ മഴക്കാലപൂർവ്വ ശുചീകരണത്തിനായി വാർഡിന് 10000 രൂപ വീതം 1,40,000 രൂപ സി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് മുൻകൂ നൽകിയിട്ടുണ്ട്. എന്നാൽ വാർഡ് 1, 2, 13, 14 എന്നിവയിൽ മഴക്കാല പൂർവ്വശുചീകര നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക നാല് വാർഡുകൾക്കായി അനുവദിച്ച 40,000 രൂപ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് അന്വേഷണം നം. 28/14.10.2024)

## 1-23 മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടിക❘ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാല സംസ്കരണം. 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശ 20.05.2023 ലെ സ.ഉ(സാധാ) നം.1068 /2023/തസ്വഭവ ഉത്തരവ് പ്രകാരം സർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിനനുസൃതമായി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടുള്ള പ്രവർത്തന പരിശോധിച്ച് കൊണ്ട് മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ എത്രത്തേ നടപ്പാക്കുവാൻ കാട്ടൂർ ഗ്രാമപഞ്ചായത്തിനായി എന്നത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നു.

തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കുട ബ്ലോക്കിന് കീഴിൽ വരുന്ന കാർഷിക മേഖലയിൽ ഊന്നിയ സ ഘടനയുള്ള ഗ്രാമപഞ്ചായത്താണ് കാട്ടൂർ. ഭൂമിശാസ്ത്രപരമായ പ്രത്യേകത കൊണ്ടും കാലാവസ്ഥ ജനങ്ങളുടെ ജീവിത നിലവാരത്തിനും അനുസൃതമായിട്ടാണ് മാലിന്യത്തിന്റെ തോത് രൂപപ്പെടുന്ന വലിയ തരത്തിലുള്ള വ്യവസായ സ്ഥാപനങ്ങളോ സംരംഭ പ്രവർത്തനങ്ങളോ പൊതുചന്തക പരിസ്ഥിതിയെ മലിനപ്പെടുത്തുന്ന വലിയ വ്യവസായ കേന്ദ്രങ്ങളോ ഗ്രാമപഞ്ചായത്തിലില്ല. ഇന്ന ജീവിത ശൈലിയുടെ ഭാഗമായി അജൈവ മാലിന്യത്തിന്റെ അളവ് പരിസ്ഥിതിയ്ക്ക് ആഘാതമ കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മാലിന്യങ്ങൾ തരം തിരിച്ച് സംസ്കരിക്കേണ്ടത് അനിവാര്യമാ വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥാപനങ്ങളിലും രൂപപ്പെടുന്ന അജൈവ പാഴ് വസ്തു ശേഖരിച്ച്, തരം തിരിച്ച്, സംഭരിച്ച് പുനരുപയോഗത്തിനും പുനചക്രമണത്തിനും കൈമാറുന്ന കുടുംബശ്രീയുടെ മേൽ നോട്ടത്തിൽ ഹരിത കർമ്മ സേന പ്രവർത്തിച്ചു വരുന്നു.

**അടിസ്ഥാന വിവരം**

പതിനാല് വാർഡുകൾ ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 18,017 ആണ്. അ 5113 വീടുകളും 709 വാണിജ്യ സ്ഥാപനങ്ങളുമാണുള്ളത്. നിലവിൽ 18 ഹരിതകർമ്മസേനാംഗ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. 8 ക്ലസ്റ്ററുകളായി തിരിച്ച് വീടുകളിൽ നിന്നും വാണ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിച്ചു വരുന്നു.

**മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥ സംവിധാനങ്ങൾ**

മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്തിൽ മിനി എം.സി.എഫ്. എന്ന തരത്തിൽ വാർഡിലെ ഒരെണ്ണമാണ് ഉള്ളത്. മിനി എം.സി.എഫ്. ഒന്നും തന്നെ സ്ഥാപിച്ചിട്ടില്ല. ഭൗ പരിശോധനയിൽ എം.സി.എഫിൽ തരം തിരിച്ചതായ മാലിന്യങ്ങൾ കൂടി കിടക്കുന്നതായി ക ക്ലീൻ കേരള കമ്പനി മാലിന്യം കൊണ്ടു പോകുന്നതിന് കാലതാമസം നേരിടുന്നുണ്ടെന്നത മാലിന്യം എം.സി.എഫിൽ കൂട്ടുന്നതിന് കാരണമായി പരിശോധനയിൽ പറഞ്ഞിട്ടുള എം.സി.എഫ് കളിൽ ബെയിലിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ബെയ്ലിങ് മെഷ നിലവിൽ ഉപയോഗിക്കുന്നില്ല. <u>ബ്ലോക്ക് തലത്തിൽ ആർ.ആർ.എഫ് ഇല്ല.</u>

ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആപത്കരമായ മാലിന്യം, ബയോമെഡിക്കൽ മാലി എന്നിവ കൈകാര്യം ചെയ്യുന്നതിന് നിലവിൽ സംവിധാനങ്ങൾ ഇല്ല. ഇത്തരം മാലിന്യ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ സൗകര്യങ്ങൾ നിലവിൽ ഗ്രാമപഞ്ചായത്ത ലഭ്യമല്ല.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് **2023-24 വർഷം** ഗ്രാമപഞ്ചായത്ത് ആവിഷ്ക താഴപ്പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് | ചെലവ് |
|---|---|---|
| 1 | 171/24 ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്ലറ്റ് നിർമ്മാണം | 72000 |
| 2 | 210/24 ലൈഫ് വീടുകൾക്ക് ടോയ്ലറ്റ് നിർമ്മാണം | 420000 |
| 3 | 21/24 ശുചിപൂർണ-ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ | 29900 |

| | | |
|---|---|---|
| 4 | 172/24 ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ | 6250 |
| 5 | 181/24 എം.സി എഫ് അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കൽ | 259429 |
| 6 | 224/24 ക്ലീൻ കേരളയ്ക്ക് തുക കൈമാറൽ | 420750 |
| 7 | 230/24 എം.സി.എഫി ലേക്ക് ഫർണ്ണീച്ചർ വാങ്ങൽ | 34296 |
| 8 | 181/24 ഘടകസ്ഥാപനങ്ങളിലേക്കും ബസ്സ് സ്റ്റാന്റിലേക്കും വേസ്റ്റ് ബിൻ സ്ഥാപിക്കൽ | 17385 |
| 9 | 250/24 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ-സെന്റ് ജോർജ്ജ്സ് യു പി സ്കൂൾ കരാഞ്ചിറ | 76500 |

ഹരിത കർമ്മ സേനയുടെ വാഹനം കരാർ അടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ചാണ് നില ഉപയോഗിച്ചുവരുന്നത്.

**<u>ഹരിത കർമ സേന പ്രവർത്തനങ്ങൾ</u>**

2017 ൽ ഹരിത കർമ്മ സേന ഗ്രാമപഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചു. ആകെ സേനാംഗങ്ങളാണ് നിലവിലുള്ളത്. മാലിന്യ പരിപാലനത്തിന്റെ ബോധവല്ക്കരണ പരിപാടി ജനങ്ങൾക്ക് എത്തിക്കുക ആയിരുന്നു പ്രവർത്തനത്തിന്റെ ആദ്യഘട്ടം. ഭാഗികമായ അജൈവ മാല ശേഖരണമാണ് ആദ്യ കാലങ്ങളിൽ നടന്നിരുന്നത്. പിന്നീട് വീടുകളിൽ നിന്നും മാലി ശേഖരിക്കുന്നതിനും യൂസർ ഫീ കളക്ട് ചെയ്യുന്നതിനുമുള്ള സാഹചര്യം സംജാതമായി. വീടുക നിന്നും 50 രൂപ നിരക്കിലും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 100 രൂപ നിരക്കിലും 2023-24 വർ യൂസർ ഫീ ഈടാക്കി വരുന്നു.

സ്മാർട്ട് ഗാർബേജ് സിസ്റ്റം നടപ്പാക്കുന്നതിനായുള്ള ക്യൂ.ആർ കോഡ് പതിപ്പിക്ക പൂർത്തിയാക്കുവാനും അതുവഴി യൂസർ ഫീ ഈടാക്കുന്നതിനും ഗ്രാമപഞ്ചായത്തിനായിട്ടുണ്ട്. എന്ന യൂസർ ഫീ ഇനത്തിൽ കുടിശ്ശികയുണ്ട്. വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നി ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ മുതലാ എം.സി.എഫിൽ എത്തിച്ച് തരം തിരിച്ച് ഖരമാലിന്യ പ്ലാന്റിന് കൈമാറുന്നു. പാഴ് വസ്തു ഏറ്റെടുക്കുന്നതിനായി ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ലെഗസി മാലി ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് 4,18,275 രൂപ 2023-24 വർഷം നൽകിയിട്ടുണ്ട്. 2023 വർഷം ആകെ 87 ടൺ മാലിന്യം ശേഖരിക്കുകയും 67 ടൺ മാലിന്യം തരംതിരിക്കുകയും ചെയ്തു.

**ബോധവത്ക്കരണം**

ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റ ഉത്പന്നങ്ങൾ തുടങ്ങിയ അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി ശേഖരിച്ച് ഹരിത കർമ്മ സേ കൈമാറുന്നതിനും അവ കത്തിച്ചുള്ള അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതി ബോധവത്ക്കരണം നടത്തുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഹരിതകർമ്മ സേനാംഗങ്ങൾ മുഖാന്തിരം നേരിട്ട് നോട്ടു നൽകിയിട്ടുണ്ട്. ബാലസഭ,ഗ്രാമസഭ,സ്കൂളുകൾ എന്നിവയിൽ നേരിട്ട് മാലിന്യ സംസ്കരണ ഉദ്യോഗസ്ഥ പോയി നിർദ്ദേശങ്ങൾ നൽകി വരുകയും ചെയ്യുന്നു.

മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ പ്രത്യേ വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. 42 സ്ഥാപനങ്ങൾ സന്ദർശിക്കുകയും സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു. പിഴയായി 85000 രൂപ ഈടാക്കിയിട്ടു

**ഹരിതകർമ്മസേന വേതനം**

18 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനാംഗങ്ങൾക്ക് ശരാശരി 10,000/-രൂപ മാസ വരുമ ഉറപ്പാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ എല്ലാ പൗരൻമാരും മാലിന്യസംസ്കരണത്തിൽ പങ്കാളികളായെങ്കിൽ മാ്ര പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളൂ. അലക്ഷ്യമായി മാലിന്യ കൈകാര്യം ചെയ്യുന്നവർക്കെതിരെയുള്ള ശിക്ഷണനടപടികൾ കാര്യക്ഷമമാക ഹരിതകർമ്മസേനയെ കൂടുതൽ സജ്ജരാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>ഹരിത കർമസേനാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പ്രധാന ശുപാർശകൾ</u>**

- യൂസർഫീസ് കളക്ഷൻ ഉറപ്പാക്കുവാൻ ഭരണ സമിതി തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.
- ഹരിത കർമ്മസേനയുടെ വാഹനം ഉപയോഗിക്കുന്നതിന് സേനാംഗങ്ങ പ്രാപ്തരാക്കാവുന്നതാണ്.
- മെച്ചപ്പെട്ട വരുമാന സാധ്യതകൾ കണ്ടെത്താനുള്ള മാർഗങ്ങൾ സ്വീകരിക്കാവുന്നതാ ജൈവവളം നിർമാണം, കുടുംബശ്രീ മുഖേന പാഴ് വസ്തുക്കളുടെ റീസൈക്ലിംഗിനും സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനം, ധനസഹായം എന്നിവ മെച്ചപ്പെട്ട വരുമാനം പ്രദ ചെയ്യുന്നതിനായി പരിഗണിക്കാവുന്നതാണ്.
- പ്രവർത്തന കലണ്ടർ അനുസരിച്ച് വിവിധ മാലിന്യങ്ങളുടെ ശേഖരണം കർശനമാക്കി ഗാർഹ വാണിജ്യ സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതാണ്.
- പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായ രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.
- ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗക നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പ് വരുത്താവുന്നതാ
- വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Proto പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേ പ്രയോജനപ്പെടുത്താവുന്നതാണ്.

- ഹരിതകർമസേനാംഗങ്ങളുടെ തൊഴിൽമാന്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ടതാണ്.
- ഹരിത കർമസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹ സമിതി രൂപീകരിക്കാവുന്നതാണ്.
- ഹരിതകർമസേനാ പ്രവർത്തനങ്ങൾക്ക് ഈടാക്കുന്ന യൂസർഫീസ് ഒടുക്ക വിസ്സമ്മതിക്കുന്നവർക്കെതിരെ സേവനവിലക്കുൾപ്പടെയുള്ള നടപടികൾ തദ്ദേശസ്വയംഭ സ്ഥാപന തലത്തിൽ സ്വീകരിക്കാവുന്നതാണ്.
- ഹരിതകർമസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹ അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയ ഉൾപ്പെടുത്താവുന്നതാണ്.
- പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്.
- ജൈവമാലിന്യങ്ങൾ ഉറവിടത്തിലും, തുമ്പൂർമൂഴി മോഡൽ മുഖേനയും സംസ്കരിക്കാവുന്നതാണ്.
- ഖരമാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട വാതിൽപ്പടി സേവനത്തിനുള്ള യൂസർ ഫീ, യൂസർ കാർഡ് മറ്റ് സേവനങ്ങൾക്കുള്ള രേഖയായി പരിഗണിക്കുന്നത് സംബന്ധിച്ച 06.01.2 തീയതിയിലെ സ.ഉ(സാധാ) നം.41/2023/തസ്വഭവ ഉത്തരവ് നിർദ്ദേശ നടപ്പിലാക്കാവുന്നതാണ്.
- 2022-23 കാലയളവിലെ പദ്ധതി മുഖേന വിതരണം നടത്തിയിട്ടുള്ള ബയോ ബിന്നു ഉപയോഗപ്പെടുത്തുന്നുവെന്ന് നിരീക്ഷിക്കാവുന്നതാണ്.

## 1-24 ഐ.കെ.എം പ്രവർത്തന ഫണ്ട്-വിനിയോഗവിവരം ലഭ്യമല്ല

| | |
|---|---|
| പ്രൊജക്റ്റിന്റെ പേരും നമ്പറും | ഐ.കെ.എം പ്രവർത്തനഫണ്ട് (പ്രോജക്ട് നമ്പർ 12/24) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി. |

| | |
|---|---|
| അടങ്കൽ | 64800 ( വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 62188 (വൗച്ചർ നമ്പർ, തീയതി 42301090/ 26.09.23 ) |

മേൽ പട്ടികയിൽ കാണുന്ന പ്രകാരം 2023-24 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ വിഹിതമ 62188 രൂപ എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷന് നല്കിയിട്ടുണ്ട്. എന്ന നൽകിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഐ.കെ.എമ്മിൽ നിന്നും ലഭിച്ചത കാണുന്നില്ല. ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വ -20/14.10.24).

## 1-25 കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമ പ്രവൃത്തികൾക്ക് സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനകം എഗ്രിമെന്റ് വെച്ചത കാണുന്നില്ല. പി.ഡബ്യു.ഡി മാന്വൽ ഖണ്ഡിക 2009.6 പ്രകാരം 14 ദിവസത്തിനകം എഗ്രി വെക്കാത്ത പക്ഷം കരാർ തുകയുടെ 1% പിഴ ഈടാക്കി കൊണ്ട് 10 ദിവസം കൂടി നൽകാവുന്നതാണ്. 10 ദിവസവും കഴിഞ്ഞ് കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കുകയും, ഇ.എം. കണ്ടു കെട്ടി ടെന്റർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും സ്വീകരിക്ക എന്നാൽ അപ്രകാരം പിഴ ഈടാക്കാതെയാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. വിശദവിവരം ത കൊടുക്കുന്നു.

<u>എ) ഷോപ്പിങ്ങ് കോംപ്ലക്സ് നവീകരണം 2-ാംഘട്ടം വാർഡ് -13</u>

പ്രൊജക്റ്റ് നമ്പർ - 99/24

കരാറുകാരൻ - ഗ്രിന്റോ വർഗ്ഗീസ്

വകയിരുത്തിയ തുക - 400000, വികസനഫണ്ട്.

സാങ്കേതികാനുമതി - 74118/23

എഗ്രിമെന്റ് നമ്പർ - 20/AE/LSGD/KTR/23-24/07.11.23

കരാർ കാലാവധി - 6 മാസം
കരാർ തുക - 275391

ചെലവ് - 178982 (വൗച്ചർ നമ്പർ 42301304/25.03.24)
145824 (2024-25)
ആകെ - 324806

പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസ് നൽകിയ തിയ്യതി 11.10.23 ആണ്. സെലക്ഷൻ നോട്ടീസ് വ്യവസ്ഥ പ്രകാരം 14 ദിവസത്തിനകം എഗ്രിമെന്റ് വെക്കേണ്ടതായിരുന്നു. എന്നാൽ എഗ്രി

വെച്ചിട്ടുള്ളത് 07.11.23 ന് ആണ്.

ബി) ചാലിശ്ശേരി പൈങ്കണ്ണിക്കാവ് റോഡ് റീടാറിങ്ങ് വാർഡ് -10

പ്രൊജക്റ്റ് നമ്പർ – 54/24

കരാറുകാരൻ – ഷെനിൽ കെ. എസ്.

വകയിരുത്തിയ തുക – 224000 മെയിന്റനൻസ് ഫണ്ട് (റോഡ് )

സാങ്കേതികാനുമതി – 85382/23

എഗ്രിമെന്റ് നമ്പർ – 29/AE/LSGD/KTR/23-24/12.01.24

കരാർ കാലാവധി – 6 മാസം
കരാർ തുക – 189439

ചെലവ് – 223293 വൗച്ചർ നമ്പർ 42301245/06.03.24

പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസ് നൽകിയ തിയ്യതി 20.12.23 ആണ്. സെലക്ഷൻ നോട്ടീസ് വ്യവസ്ഥ പ്രകാരം 14 ദിവസത്തിനകം എഗ്രിമെന്റ് വെക്കേണ്ടതായിരുന്നു. എന്നാൽ എഗ്രി വെച്ചിട്ടുള്ളത് 12.01.24 ന് ആണ്.

സി) കാട്ടൂർകടവ് ചർച്ച് റിങ്ങ് റോഡ് റീടാറിങ്ങ്

പ്രൊജക്റ്റ് നമ്പർ – 28/24

കരാറുകാരൻ – ഷെനിൽ കെ. എസ്.

വകയിരുത്തിയ തുക – 226000, മെയിന്റനൻസ് ഫണ്ട് (റോഡ് )

സാങ്കേതികാനുമതി – 71296/23

എഗ്രിമെന്റ് നമ്പർ – 31/AE/LSGD/KTR/23-24/12.01.24

കരാർ കാലാവധി – 6 മാസം
കരാർ തുക – 191210

ചെലവ് – 201526 (വൗച്ചർ നമ്പർ 42301235/20.02.24)

പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസ് നൽകിയ തിയ്യതി 20.12.23 ആണ്. സെലക്ഷൻ നോട്ടീസ് വ്യവസ്ഥ പ്രകാരം 14 ദിവസത്തിനകം എഗ്രിമെനറ് വെക്കേണ്ടതായിരുന്നു. എന്നാൽ എഗ്രി വെച്ചിട്ടുള്ളത് 12.01.24 ന് ആണ്.

എഗ്രിമെന്റ് വെക്കാൻ വൈകിയതിന് മേൽ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും സെലക്ഷ നോട്ടീസിൽ നിർദ്ദേശിച്ച പ്രകാരമുള്ള പിഴ ഈടാക്കിയതായി കാണുന്നില്ല. ആയതിന് വിശദീകര ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (21.14.10.23) നൽകിയതിന് മറു ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-26 വെതർ സ്റ്റേഷൻ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്**

സ.ഉ.(കൈ) നം.115/22/ ത സ്വ ഭ വ- തിയതി 28 /05 /22 ഖണ്ഡിക (7.8.8) പ്രകാരം കാലാവ
വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്ക
താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി, തുടങ്ങിയവയുടെ വിവര ശേഖരണവും അത്
അപഗ്രഥനവും നടത്തുന്നതിനുമായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥ
മനസ്സിലാക്കുന്നതിനുള്ള വെതർ സ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കി
സ്ഥാപിക്കണം എന്ന് നിർദ്ദേശിക്കുന്നു. അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോ
നിർദ്ദേശിക്കുന്ന 10x12 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമാക്കിയാൽ വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതി
സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരളം ഇനിഷ്യേറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്ന
അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാ
അതോറിറ്റിയെ അറിയിക്കേണ്ടതുമാണ്. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വ
(22/14.10.24) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച വി
അറിയിക്കേണ്ടതാണ്.

**1-27 കരാഞ്ചിറ കാട്ടൂർ ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- പണി നാളിതു വ
പൂർത്തീകരിച്ചിട്ടില്ല**

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്റ്റ് നമ്പർ – 193/24

സാങ്കേതികാനുമതി – 72797/22

കരാറുകാരൻ – കെ. പി. സാനു

ചെലവ് - 695914 (ഫസ്റ്റ് & പാർട്ട് ബിൽ-)

കരാർ കാലാവധി – 2 മാസം
കരാർ തുക – 601129.50

എഗ്രിമെന്റ് – 18/08.03.23

മേൽ പ്രവൃത്തി 08.03.23 ന് എഗ്രിമെന്റ് വെച്ചിട്ടുള്ളതാണ്. കരാർ കാലാവധി 2 മാസമായിരു
ആയത് പ്രകാരം 07.05.23 ന് പണി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ നാളിതു വരെ പ
പൂർത്തീകരിച്ചിട്ടില്ല. കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയും ഹാജരാക്കിയി
ഫസ്റ്റ്&പാർട്ട് ബിൽ മാത്രമാണ് നൽകിയിട്ടുള്ളത്. വൈകി പൂർത്തീകരിക്കുന്നതിന്
ഈടാക്കുന്നത് സംബന്ധിച്ച് എഗ്രിമെന്റിലെ വ്യവസ്ഥ 7 ൽ പുതുക്കിയ പി.ഡബ്ലിയു.ഡി മാ
പ്രകാരമുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. മേൽ പദ്ധതിയുടെ ഭാഗമായി പൊതുമരാമത്ത് റോഡി
റോഡ് ക്രോസ് ചെയ്ത് പൈപ്പ് ഇടേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്നും നോൺ ഒബ്ജ
സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് വേണ്ടി തുക കൈമാറുന്നതിന് 262/24 നമ്പർ പ്രകാരം പ്രോ
തയ്യാറാക്കുകയും, തനത് ഫണ്ട് 30000 രൂപ വകയിരുത്തുകയും. 22720 രൂപ സുഗമ സോഫ്റ്റ് വെ
മുഖേന പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറുകയും ചെയ്തിട്ടു

പി.ഡബ്ലിയു.ഡി റോഡ് ക്രോസ് ചെയ്യുന്നതിന്റെ ഭാഗമായി തൻവർഷം തുക കൈമാറിയെങ്ക നാളിതു വരെ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യ ഓഡിറ്റ് എൻക്വയറി (23/14.10.24) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. എത്രയും ര പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-28 ടേക്ക് എ ബ്രേക്ക് കെട്ടിടം - നാളിതു വരെ പണി ആരംഭിച്ചിട്ടില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് നമ്പർ - 182/24

അടങ്കൽ - 20,00,000

2020-21 ലെ വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകി ഏറ്റെടുക്കേണ്ട പന്ത്രണ പരിപാടിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും പൊതു ടോയ്‌ലറ്റ